ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 26.06.2026

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യും.
2. ലഹരി വ്യാപനത്തിന് പിന്നിൽ പ്രവർത്തിക്കുന്നവർക്കതിരെ കർശന നടപടിയെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ലഹരിക്കെതിരായ ബോധവത്കരണ റാലി മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഫ്ലാഗ് ഓഫ് ചെയ്തു .
3. കീം പ്രവേശന പരീക്ഷ ഫലം ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി.എം.ജോൺ നാളെ പ്രഖ്യാപിക്കും.
4. സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകും. അഞ്ച് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.
5. ത്യാഗത്തിന്റെയും സഹനത്തിന്റെയും സന്ദേശം ഓർമ്മിപ്പിച്ച് ഇന്ന് മുഹറം. ധീരതയുടെയും ദൃഢവിശ്വാസത്തിന്റെയും കരുത്തിനെ ഈ ദിനം ഓർമ്മിപ്പിക്കുന്നതായി പ്രധാനമന്ത്രി.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ അമേരിക്കയെ പരാജയപ്പെടുത്തി തുർക്കിയ.

****************************************

RNU TVPM

## സീഷെൽസ് സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും ഇന്ത്യൻ നാവികസേനയുടെ രണ്ട് കപ്പലുകളും പരിപാടിയിൽ പങ്കെടുക്കും. ഈ മാസം 29 വരെ നീളുന്ന സന്ദർശനത്തിൽ സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ശ്രീ മോദി ചർച്ച നടത്തും. സീഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, ഇന്ത്യൻ പ്രവാസികളുമായും ആശയവിനിമയം നടത്തും.

*****************

## എൽപിജി വിതരണം

ആഭ്യന്തര എൽപിജി വിതരണത്തിൽ കേന്ദ്രസർക്കാർ ഇളവുകൾ പ്രഖ്യാപിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പെട്രോളിയം മന്ത്രാലയം പിൻവലിച്ചത്. ഗാർഹികേതര എൽപിജി വിതരണം പശ്ചിമേഷ്യൻ പ്രതിസന്ധിക്ക് മുൻപുള്ള അവസ്ഥയിലേക്ക് പൂർണ്ണമായി പുനഃസ്ഥാപിച്ചു. ബൾക്ക് എൽപിജി വിതരണം, മുൻപുണ്ടായിരുന്ന ഉപയോഗത്തിന്റെ അമ്പത് ശതമാനം തോതിലാണ് അനുവദിക്കുക. എൽപിജി നിർമ്മാണത്തിനായി സി-3, സി-4 സ്ട്രീമുകൾ പൂർണമായി വകമാറ്റി ഉപയോഗിക്കണം എന്ന ഉത്തരവ് പിൻവലിച്ചു. പ്രതിദിന എൽപിജി ഉത്പാദനം 40 ടിഎംടിയിൽ കുറയില്ലെന്ന് ഉറപ്പാക്കിക്കൊണ്ടായിരിക്കും നടപടി.

*****************

## വി ഡി സതീശൻ (ഇൻട്രോ)

ലഹരി വ്യാപനത്തിന് പിന്നിൽ പ്രവർത്തിക്കുന്നവർക്കതിരെ കർശന നടപടി ഉണ്ടാകുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പിൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത്

RNUTVPM

സംഘടിപ്പിച്ച ബോധവത്കരണ റാലിയുടെ ഫ്ലാഗ് ഓഫ് തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലഹരിക്ക് എതിരെ ഒന്നിച്ച് പോരാടണമെന്നും അദ്ദേഹം പറഞ്ഞു

**(ഹോൾഡ് വോയ്സ്........)**

ലഹരിയിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കുമെന്നും മയക്കുമരുന്നിനെതിരായ സമഗ്ര പരിപാടി സംസ്ഥാന സർക്കാർ നടപ്പിലാക്കുമെന്നും പരിപാടിയിൽ പങ്കെടുത്തുകൊണ്ട് മന്ത്രി എം ലിജു വ്യക്തമാക്കി.

*****************

## മദ്യ നയം

കൂടിയാലോചന ഇല്ലാതെ നടപ്പിലാക്കില്ലെന്ന് റവന്യൂ മന്ത്രി എ പി അനിൽകുമാർ. പാർട്ടിയിലും മുന്നണിയിലും ചർച്ച ചെയ്തേ നയപരമായ കാര്യത്തിൽ തീരുമാനം എടുക്കൂവെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. തെറ്റാണെന്നു ബോധ്യമായാൽ തിരുത്തുമെന്നും, ഇക്കാര്യം മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയതാണെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് എക്സൈസ് വകുപ്പ് സംഘടിപ്പിച്ച ഫൺ റണ്ണിന്റെ ഉദ്ഘാടനം മന്ത്രി കോഴിക്കോട് നിർവഹിച്ചു.

*****************

## നിയമസഭ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026—27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടുദിവസമായി നടക്കും. ബുധനാഴ്ച പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ പരിഗണിക്കും.

*****************

## സി.പി ജോൺ - ഗഡ്കരി

സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗതാഗത മന്ത്രി സി.പി

RNUTVPM

ജോൺ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി കൂടിക്കാഴ്ച നടത്തി. വാഹൻ - സാരഥി പോർട്ടലുകളിലെ അപാകതകൾ, കെ.എസ്.ആർ.ടി.സി ബസുകളുടെ നവീകരണം, ഇ - ചെലാൻ ഏകോപനം തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി. വാഹൻ, സാരഥി സേവനങ്ങളിൽ നിരന്തരമുണ്ടാകുന്ന തടസ്സങ്ങൾ ഒരാഴ്ചയ്ക്കകം പരിഹരിക്കാൻ ദേശീയ ഇൻഫർമാറ്റിക്സ് സെന്ററിന് കേന്ദ്രമന്ത്രി കർശന നിർദേശം നൽകി.

****************

### കീം പരീക്ഷാ ഫലപ്രഖ്യാപനം നാളെ

കീം പ്രവേശന പരീക്ഷയുടെ ഫലം നാളെ പ്രഖ്യാപിക്കും. ഉച്ചക്ക് ഒരു മണിക്ക് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി.എം.ജോൺ ഫലം പ്രഖ്യാപിക്കും. നേരത്തെ, ഈ മാസം 22ന് ഫലം പ്രഖ്യാപിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും സിബിഎസ്ഇ പുനർമൂല്യനിർണ്ണയത്തെ തുടർന്ന് മാർക്ക് ചേർക്കാൻ കൂടുതൽ സമയം തേടി വിദ്യാർത്ഥികളും, രക്ഷിതാക്കളും ഉന്നത വിദ്യാഭ്യാസ മന്ത്രിയെ സമീപിച്ചതിന് പിന്നാലെയാണ് പ്രഖ്യാപനം മാറ്റിയത്.

****************

### സെൻസസ് 2027

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം 4 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

****************

### മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഞായറാഴ്ച രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -◌ാ◌ം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് വരെ MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

RNU TVPM

****************

## മഴ

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************

## ഇടുക്കി (ഇൻട്രോ)

സംസ്ഥാനത്തെ പ്രധാന വൈദ്യുതി സ്രോതസ്സായ ഇടുക്കി ജലവൈദ്യുത പദ്ധതിയിലെ ജലസംഭരണം ആശങ്കാജനകമാംവിധം താഴ്ന്ന നിലയിൽ. നിലവിൽ അണക്കെട്ടിന്റെ ആകെ സംഭരണശേഷിയുടെ 24 ശതമാനം വെള്ളം മാത്രമാണ് ശേഷിക്കുന്നത്. വൃഷ്ടിപ്രദേശങ്ങളിൽ മഴ കുറഞ്ഞതും അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് കുറഞ്ഞതുമാണ് ജലനിരപ്പ് താഴാൻ കാരണം.

**ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.**

**(വോയ്സ്............)**

****************

## മുഹറം

ഇന്ന് മുഹറം. പ്രവാചകൻ മുഹമ്മദ് നബിയുടെ പൗത്രൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും അനുചരന്മാരുടെയും രക്തസാക്ഷിത്വത്തിന്റെ ഓർമ്മ പുതുക്കി രാജ്യം ഇന്ന് മുഹറം ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ താസിയ വിലാപയാത്രകൾ നടക്കും. വിലാപയാത്രകളോടും മറ്റ് ചടങ്ങുകളോടും അനുബന്ധിച്ച് രാജ്യത്തുടനീളം വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ധീരതയുടെയും

PNUTVPM

ദൃഢവിശ്വാസത്തിന്റെയും കരുത്തിനെയാണ് ഈ ദിനം ഓർമ്മിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

****************

## ചമ്പക്കുളം (ഇൻട്രോ)

പ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവത്തിൻ്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ............**

**(വോയ്സ്)**

****************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്നു പുലർച്ചെ നടന്ന ഗ്രൂപ്പ് ഡി മത്സരത്തിൽ ആതിഥേയരായ അമേരിക്കയെ രണ്ടിനെതിരെ മൂന്നു ഗോളിന് തുർക്കിയ പരാജയപ്പെടുത്തി. പരാഗ്വേ–ഓസ്ട്രേലിയ മത്സരം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. അമേരിക്കയും ഓസ്ട്രേലിയയും നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു. ഇ ഗ്രൂപ്പിൽനിന്ന് ജർമനിക്കും ഐവറി കോസ്റ്റിനുമൊപ്പം ഇക്വഡോറും അടുത്ത റൗണ്ടിലേക്ക് മുന്നേറി. ഗ്രൂപ്പ് എഫിൽ നെതർലൻഡ്സിനോട് 3 – 1 ന് പരാജയപ്പെട്ട് ടുണീഷ്യ ലോകകപ്പിൽനിന്ന് പുറത്തായി. ഓരോ ഗോൾനേടി സമനില പാലിച്ച സ്വീഡനും ജപ്പാനും നെതർലൻഡ്സിനൊപ്പം നോക്കൗട്ടിലേക്ക് യോഗ്യത നേടി. ലോകകപ്പിൽ ഇന്നു രാത്രി 12.30ന് കിലിയൻ എംബാപ്പെയുടെ ഫ്രാൻസും, എർലിങ് ഹാളണ്ടിന്റെ നോർവേയും തമ്മിലുള്ള സൂപ്പർ പോരാട്ടം അരങ്ങേറും.

****************

RNUTVPM

## ഐസിസി വനിതാ ട്വന്റി - 20

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക സ്കോട്ട്ലന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 11നാണ് മത്സരം.

*****************

## പൾസ് പോളിയോ

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം മറ്റന്നാൾ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

*****************

## സ്വർണവില

സ്വർണവില ഉയർന്നു. പവന് 200 രൂപ കൂടി ഒരു ലക്ഷത്തി 3,840 രൂപയും ഗ്രാമിന് 12,980 രൂപയുമാണ് ഇന്നത്തെ വില.

*****************

**********

************************************

RNUTVPM